**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 799</u>** **<u>05.02.2020-ൽ മറുപടിയ്ക്ക്</u>**

## ആദിവാസികളുടെ പതിമൂന്നര ലക്ഷം രൂപ തട്ടിയെടുത്തുവെന്ന പരാതി

**<u>ചോദ്യം</u>**

**ശ്രീ.ഷാഫി പറമ്പിൽ**

**<u>മറുപടി</u>**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| എ) | അട്ടപ്പാടി ഭൂതി വാഴിയൂർ ഊരിലെ തായ്ക്കുല ആദിവാസി സംഘടനാ പ്രവർത്തകർക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ ലഭിച്ച പതിമൂന്നര ലക്ഷം രൂപ ഒരു രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ നേതാവ് തട്ടിയെടുത്തുവെന്ന പരാതി സംബന്ധിച്ച് വകുപ്പ് തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) & ബി) | പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം നേരിട്ട് ഗുണഭോക്താക്കൾക്ക് Direct Beneficiary Transfer മുഖേന അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് അനുവദിക്കുന്നത്. തുക തട്ടിയെടുത്തുവെന്നത് സംബന്ധിച്ച് ഗുണഭോക്താക്കൾ പോലീസിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് കരാറുകാരെ ഏൽപ്പിക്കുന്നത്. ആയതിനാൽ വകുപ്പ് തലത്തിൽ ഇതു സംബന്ധിച്ച് അന്വേഷണം നടന്നിട്ടില്ല. |
| ബി) | പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | | |

**സെക്ഷൻ ഓഫീസർ**